**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 35** **09-08-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അർഹതപ്പെട്ട നികുതി വിഹിതം വെട്ടിക്കുറയ്ക്കുകയും ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കുകയും കടമെടുപ്പ് പരിധി വെട്ടികുറയ്ക്കുകയും ചെയ്തിട്ടുണ്ടോ; എങ്കിൽ ഇത് മൂലം സംസ്ഥാനം സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ; | (എ) | കേന്ദ്ര സർക്കാർ ഡിവിസിബിൾ പൂളിൽ നിന്നും സംസ്ഥാനത്തിന് ലഭ്യമാക്കേണ്ട നികുതി വിഹിതം കുറച്ചത് സംസ്ഥാനത്തിന് അർഹതപ്പെട്ട നികുതി വിഹിതത്തിൽ കുറവിന് കാരണമായിട്ടുള്ളതെന്നത് വസ്തുതയാണ്. റവന്യൂ കമ്മി ഗ്രാന്റ് കുറച്ചതും ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കിയതും സംസ്ഥാനത്തിന്റെ വരുമാന സ്രോതസിനെ സാരമായി ബാധിച്ചിട്ടുണ്ട്. ഡിവിസിബിൾ പൂളിൽ നിന്നും പത്താം ധനകാര്യ കമ്മീഷന്റെ കാലത്ത് കേരളത്തിനു ലഭിച്ചുകൊണ്ടിരുന്നത് 3.875 ശതമാനം വിഹിതമായിരുന്നു. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലമായപ്പോൾ അത് 1.925 ശതമാനമായി കുറഞ്ഞു. ഇതിലൂടെ പതിനായിരക്കണക്കിന് കോടി രൂപയുടെ വെട്ടിക്കുറവാണ് കേരളത്തിന്റെ വരുമാനത്തിൽ വർഷം തോറും കേന്ദ്രം വരുത്തുന്നത്. 2023-24 സാമ്പത്തിക വർഷം റവന്യൂ കമ്മി ഗ്രാന്റ് ഇനത്തിൽ 2022-23-നെ അപേക്ഷിച്ച് ഉണ്ടാവാൻ പോകുന്ന 8,400 കോടി രൂപയുടെ കുറവും GST നഷ്ടപരിഹാരം നിർത്തലാക്കിയ വകയിൽ നഷ്ടപ്പെടുന്ന ഏകദേശം 5700 കോടി രൂപയുടെ വിഭവനഷ്ടവും സംസ്ഥാനത്തിന് ഉണ്ടാകുന്നുണ്ട്. ഇതിനു പുറമെ സംസ്ഥാന പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് ചൂണ്ടിക്കാട്ടിയും സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന തെറ്റായ നിലപാട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ വലിയ രീതിയിലുള്ള കുറവാണു കേന്ദ്രസർക്കാർ വരുത്തിയിട്ടുള്ളത്. കോവിഡ് മഹാമാരി സൃഷ്ടിച്ച സാമ്പത്തിക ആഘാതത്തിൽ നിന്നും കരകയറി വളർച്ചയുടെ പാതയിൽ എത്തിക്കൊണ്ടിരിക്കുന്ന സംസ്ഥാനത്തിനെ കേന്ദ്ര സർക്കാരിന്റെ ഈ ധനനയം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേക്ക് കൊണ്ടെത്തിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഉണ്ടെങ്കിൽ വികസന ക്ഷേമ പ്രവർത്തനങ്ങൾ തടസ്സം കൂടാതെ മുന്നോട്ട് കൊണ്ടുപോകുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (ബി) | സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും മുൻപോട്ട് പോകുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. ഇതിന്റെ ഭാഗമായി വരുമാനം ഉയർത്തുന്നതിനോടൊപ്പം ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ വിദേശയാത്ര, വിമാനയാത്ര, ടെലിഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധ ഇനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിനുതകുന്ന വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സംസ്ഥാന സർക്കാർ പ്രവർത്തിക്കുന്നത്. വികസന ക്ഷേമ പ്രവർത്തനങ്ങൾ ഭംഗം കൂടാതെ മുന്നോട്ട് കൊണ്ടുപോകുന്നതിന് പ്രത്യേക ശ്രദ്ധ നൽകിവരുന്നുണ്ട്. |
| (സി) | കേന്ദ്ര നയങ്ങൾ കാരണം സംസ്ഥാനത്ത് വിഭവ ദൗർലഭ്യം നേരിടുന്നുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിനായി കടമെടുപ്പ് പരിധി വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ; വിശദമാക്കുമോ; | (സി) | കേന്ദ്ര നയങ്ങൾ കാരണം സംസ്ഥാനത്ത് വിഭവ ദൗർലഭ്യം നേരിടുന്നുണ്ട്. കോവിഡ് പ്രതിസന്ധിയുടെ കാലഘട്ടത്തിൽ കേന്ദ്ര സർക്കാർ എല്ലാ സംസ്ഥാനങ്ങൾക്കുമായി അനുവദിച്ച നൽകിയിരുന്ന കടമെടുപ്പ് പരിധിയായ 5 ശതമാനം തിരികെ 3 ശതമാനത്തിലേയ്ക്ക് കൊണ്ടു വരുന്നത് സംസ്ഥാന സമ്പദ് വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കും. സംസ്ഥാനത്തിന്റെ വായ്പാ പരിധി വർദ്ധിപ്പിക്കണമെന്ന് കേന്ദ്രസർക്കാരിനോട് സംസ്ഥാന സർക്കാർ പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടുണ്ട്. 12.07.2023-ൽ സംസ്ഥാന ധനകാര്യമന്ത്രി കേന്ദ്രധനകാര്യ മന്ത്രിക്ക് അയച്ച കത്തിൽ സംസ്ഥാനത്തിന്റെ നിലവിലെ വായ്പാപരിധി 1% കൂടി വർദ്ധിപ്പിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട് സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന തെറ്റായ നിലപാട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കേന്ദ്രസർക്കാർ 2022-23 സാമ്പത്തിക വർഷം മുതൽ കുറവ് വരുത്തിവരുന്നുണ്ട്. ഈ നിലപാടിൽ മാറ്റം വരുത്തണമെന്നു ഭരണഘടനയുടെ ആർട്ടിക്കിൾ 293(3), 293(4) എന്നിവയ്ക്കനുസൃതമായി, 2017 ഓഗസ്റ്റിന് മുൻപ് നിലനിന്നിരുന്ന പോലെ പൊതു കണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പും പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പകളും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നിർണ്ണയിക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്നും 22.07.2022-ൽ സംസ്ഥാന ധനകാര്യ മന്ത്രി കേന്ദ്രധനകാര്യ മന്ത്രിക്ക് അയച്ച കത്തിൽ അഭ്യർത്ഥിക്കുകയും ഈ വിഷയവുമായി ബന്ധപ്പെട്ട് |

| | | | |
|---|---|---|---|
| | | | ബഹു. മുഖ്യമന്ത്രി 19-01-2023-ൽ ഒരു നിവേദനം ബഹു. പ്രധാനമന്ത്രിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്ത് തനത് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | സംസ്ഥാനത്ത് തനത് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തെ കണക്കുകളുമായി താരതമ്യപ്പെടുത്തുമ്പോൾ 2021-22 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ 22.41 ശതമാനത്തിന്റെ വർദ്ധനയും 2021-22 സാമ്പത്തിക വർഷത്തെ കണക്കുകളുമായി താരതമ്യപ്പെടുത്തുമ്പോൾ 2022-23 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ 23.36 ശതമാനത്തിന്റെ വർദ്ധനയും ഉണ്ടായിട്ടുണ്ട് (അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം). |

സെക്ഷൻ ഓഫീസർ